[ശ്രീ. ആർ. ശങ്കർ]:

കട്ടം അവിടെ ചെയ്തിട്ടുണ്ട്. അദ്ദേഹത്തെ മുമ്പ ചികിത്സിച്ചിരുന്ന അദ്ദേഹത്തിന്റെ ഹെൽത്ത് സംബന്ധമായ പശ്ചാത്തലം അറിയാവുന്ന ഒരു ഡാക്ടർതന്നെ അവിടെയുണ്ട്. ആ ഡാക്ടറുടെ സേവനം അവിടെ ലഭിച്ചിട്ടുണ്ട്. ശ്രീ. ഗോപാലന്റെ പേരിൽ ഒരു കേസെടുത്തിട്ടുണ്ട്. അങ്ങനെയാണ് സബ്ജയിലിൽ വച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ പേരിലുള്ള കേസ് തുടർന്നുകൊണ്ടുപോകേണ്ടയോവശ്യമുണ്ടെന്നു ഗവണ്മെന്റിനു വിചാരമില്ല. അതുകൊണ്ട് ആ കേസ് ഡ്രോപ്പുചെയ്യാൻ ഗവണ്മെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. കോടതിയിൽനിന്നും അനുവാദം വാങ്ങേണ്ടതായതുകൊണ്ട് ഇന്നു് അതു നടക്കുമെന്നാണു തോന്നുന്നതു്. അദ്ദേഹം ആവശ്യപ്പെട്ടിരുന്നതിൽ ഏറ്റവും പ്രധാനമായ കാര്യം ഒരന്വേഷണം നടത്തണമെന്നുള്ളതായിരുന്നു. ആ അന്വേഷണത്തിനു ഗവണ്മെന്റ് ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ നിലയിൽ ശ്രീ. ഗോപാലനു് നിരാഹാര സത്യഗ്രഹം അവസാനിപ്പിച്ചു് അദ്ദേഹത്തിന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിനു് നല്ല സഹകരണമാണു് ഇപ്പോൾ സംജാതമായിരിക്കുന്നതു്. ആ നിലയിൽ എന്തെങ്കിലും ഒരു അടിയന്തിരാവസ്ഥ ഉണ്ടായിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. ഇവിടെ ഒരു ചർച്ചചെയ്യേണ്ട എന്തെങ്കിലും ഒരു പ്രയോജനം വരുത്താനുമില്ല. അതുകൊണ്ട് ഒരു ചർച്ചയുടെ ആവശ്യമില്ല എന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ആരോഗ്യസ്ഥിതി എന്താണെന്നുള്ള ലേറ്റസ്റ്റ് ഇൻഫർമേഷൻ ഉണ്ടോ?

ശ്രീ. ആർ. ശങ്കർ: ആശങ്കാജനകമായി ഒന്നുമില്ലെന്നാണു് ഇൻഫർമേഷൻ.

Mr. Speaker: In the light of the facts stated by the Chief Minister, I don't think it is a matter of serious concern. So I withhold consent to the moving of the motion.

Financial Statement of the Electricity Board

ശ്രീ. സി. അച്യുതമേനോൻ: സർ, ഓൺ എ പോയിന്റ് ആഫ് ഇൻഫർമേഷൻ. ഇലക്ട്രിസിറ്റി ബോർഡിന്റെ ആനുവൽ ഫൈനാൻഷ്യൽ സ്റ്റേറ്റുമെന്റ് ഈ സഭ മുമ്പാകെ വയ്ക്കണമെന്നു ചട്ടമുണ്ട്. ഇതുവരെ വച്ചിട്ടില്ല. അതിവിടെ വച്ചാലെ ഞങ്ങൾക്കു് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് നോട്ടീസുകൊടുക്കാൻ സാധിക്കുകയുള്ളു. ഇന്നു തീയതി മാർച്ച് 12 ആയി.

Mr. Speaker: I have been informed that the annual financial statement of the Electricity Board has been received here. It will be supplied tomorrow.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61

(1) Water Supply to the Punja Fields in Tirur Taluk

Mr. Speaker: Shri K. Moideenkutty Hajee has given notice of a motion under Rule 61. I call upon the member to state the facts.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: തിരൂർ താലൂക്കിൽപെട്ട തിരുരങ്ങാടി, നെങ്കൻപാറ എന്ന പ്രദേശത്തു ആയിരം ഏക്കറോളം പുഞ്ചകൃഷി വരണ്ടുപോകുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു എന്നുള്ളതിന്റെ പശ്ചാത്തലം ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തുകയാണു്. പെരിയപെരിയ തോതിൽ തുണ്ടുതുണ്ടായി പുഞ്ചകൃഷിചെയ്യുന്ന ഏരിപ്പാടാണു് അവിടെയുള്ളതു്. പെരിയ തോടുകളും പെരിയ കുളങ്ങളും അവിടെയുള്ളതിൽനിന്നും ഏത്തംവച്ചു് തേവിയാണു വെള്ളംകൊണ്ടുവന്നു കൃഷി അവിടെ നടത്തുന്നതു്. ഈ കൊല്ലം പെരിയ ജലാശയങ്ങളും വറ്റിപ്പോയിരിക്കുന്നതുകൊണ്ടു് അതിനു് നിവൃത്തി

LIBRARY ARCHIVES Kerala Legislative Assembly

യില്ലാതെ വന്നിരിക്കുകയാണു്. എന്നാൽ ഈ കൃഷിചെയ്യുന്ന സ്ഥലത്തിനു് ഒരുനാഴിക അടുത്തുള്ള കീരനല്ലൂർ പുഴയിൽ ധാരാളം വെള്ളമുണ്ടു്. അവിടെ നിന്നും പമ്പുചെയ്തു് ഈ കൃഷിസ്ഥലങ്ങളിൽ വെള്ളംകൊണ്ടുവരാനുള്ള തോടുകളും ഉണ്ടു്. അവിടെയുള്ള പാവപ്പെട്ട കൃഷിക്കാർക്കു് ഇതു ചെയ്യുന്നതിനു് വിഷമമായതുകൊണ്ടു് സ്ഥലം എം. എൽ. എ. അവുക്കാദർ കുട്ടി നഹയുമായി തിരൂർ എക്സിക്യൂട്ടീവു് എൻജിനീയരെ സമീപിച്ചു് ഇതിലേക്കു് പമ്പു സൗകര്യം ചെയ്തുകൊടുക്കണമെന്നു പറഞ്ഞു. അദ്ദേഹം അതിനു നൽകിയ മറുപടി പമ്പു് വാടകയ്ക്കു കൊടുക്കാനേ സൗകര്യമുള്ളു, സൗജന്യമായി കൊടുക്കാൻ വ്യവസ്ഥയില്ലെന്നാണു്. ഈ കൃഷിക്കാർക്കാണെങ്കിൽ പെട്ടന്നു ദിവസേന 60 രൂപയിൽപരം വരുന്ന സംഖ്യ വാടകകൊടുത്തു പമ്പു ചെയ്യുവാനുള്ള സൗകര്യം കുറവാണു്. അതുകൊണ്ടു് പിൽക്കാലത്തു വാടക ഈടാക്കുന്ന രീതിയിൽ അടിയന്തിരമായി വെള്ളം പമ്പുചെയ്തു് കൊടുക്കണമെന്ന അപേക്ഷിച്ചിട്ടു് അതിനു നിവൃത്തിയില്ലെന്നാണു് ആ ഉദ്യോഗസ്ഥൻ വളരെ വ്യക്തമായി പറഞ്ഞതു്. അതിനുശേഷം സ്ഥലത്തെ ഡിസ്ട്രിക്ടു് ആഫ്രികൾച്ചറൽ ആഫീസറെ സമീപിച്ചു. അവർക്കു് പമ്പില്ല. സബ്സിഡി കൊടുക്കാനുള്ള സൗകര്യവുമില്ല. അങ്ങനെയുള്ള ഒരവസ്ഥയിലാണു ഇന്നു് നിൽക്കുന്നതു്. ഉൽപ്പാദനം വർദ്ധിപ്പിക്കാൻ എല്ലാ സൗകര്യങ്ങളും നൽകണമെന്നു് പ്രസിദ്ധീകരണങ്ങളും പ്രസംഗങ്ങളും നൽകുന്ന ഉദ്യോഗസ്ഥന്മാർ ആവശ്യം വരുമ്പോൾ കൈയൊഴിഞ്ഞു നിസ്സഹായവസ്ഥയിൽ നിൽക്കുന്നതിന്റെ പ്രത്യക്ഷോദാഹരണമാണു് ഞാൻ ചൂണ്ടിക്കാണിച്ചതു്. അടിയന്തിരമായി ഈ കൃഷിക്കാർക്കു് വെള്ളം നൽകിയില്ലെങ്കിൽ പതിനായിരത്തിൽപരം പറ നെല്ലു കിട്ടുന്ന ഈ പുഞ്ചകൃഷി വളരെ വേഗത്തിൽ ഉണങ്ങി നശിച്ചുപോകുമെന്നുള്ള കാര്യം കണക്കിലെടുത്തു അവരെ സഹായിക്കുന്നതിനുള്ള എന്തെങ്കിലും നടപടി അടിയന്തിരമായി സ്വീകരിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണു്. ബഹുമാനപ്പെട്ട ഗവണ്മെന്റു് ജില്ലാ അധികാരികളെ അറിയിച്ചു് അടിയന്തിരമായി നടപടികളും സ്വീകരിപ്പിക്കണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്.

കൃഷ്യുവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്): ഈ കാര്യത്തെപ്പറ്റി രണ്ടു ദിവസം മുമ്പു ബഹുമാനപ്പെട്ട മെംമ്പർ നഹാ ഒരു കത്തുമൂലം ഗവണ്മെന്റിനെ അറിയിച്ചു. ഉടൻതന്നെ കളക്ടറെ അറിയിച്ചു് ആവശ്യമായ പമ്പു സെറ്റു വരുത്തി നിലം ഉണങ്ങാതിരിക്കുന്നതിനുവേണ്ട നടപടികളും എടുക്കാനുള്ളനിർദ്ദേശം കൊടുത്തിട്ടുണ്ടു്. അതിനുള്ള നടപടികളും ഇപ്പോൾ എടുത്തുകഴിഞ്ഞിരിക്കണം. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കൈയിലാണു് പമ്പു് അവയിലബിളായിട്ടുള്ളതു്. അതു വരുത്തി പമ്പുചെയ്യണമെന്നാണു പറഞ്ഞിട്ടുള്ളതു്. അതു് കൊണ്ടുപോകുന്നതിനും മറ്റുമുള്ള അത്യാവശ്യച്ചെലവു് കൃഷിക്കാർ വഹിക്കാറുണ്ടു്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ കൃഷിക്കാർ വഹിക്കുന്ന ചെലവുകളും ഉത്തരവാദിത്വങ്ങളും എല്ലാം അവിടത്തെ കൃഷിക്കാർ വഹിക്കുമെന്നുള്ള പ്രതീക്ഷയിലാണു് ഇങ്ങനെ ചെയ്തിട്ടുള്ളതു്.

(2) Difficulties experienced by the workers of the Trivandrum Port Boat Men's Union

Mr. Speaker: A reply is due from the Minister for Transport and Labour to Shri Antony D' Cruz's notice. I call upon the Minister to give the reply.

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

രണ്ടു ദിവസംമുമ്പു് ശ്രീ. ഡിക്രൂസു് തിരുവനന്തപുരം പോർട്ടിലെ ചില കാര്യങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായി. തിരുവനന്തപുരം പോർട്ടിൽ കൊല്ലത്തിൽ എല്ലാ മാസങ്ങളിലും കപ്പൽ അടുക്കാറില്ല. ഈ കാലങ്ങളിൽ മാത്രമാണു ചിലപ്പോഴെല്ലാം അരിയിറക്കാനും. ഇവിടെയുള്ള ചില സാധനങ്ങളും കൊണ്ടുപോകാനുമായി കപ്പലുകളും അടുക്കാറുള്ളതു്. അങ്ങനെ കപ്പലടുക്കുമ്പോഴും അരിയിറക്കാനും, ഇവിടെനിന്നു കയറ്റാനും ഉള്ള

LIBRARY ARCHIVES Kerala Legislative Assembly